**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5262** **02-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണത്തിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയതിന്റെ നിർമ്മാണത്തിലെ അപാകത സംബന്ധിച്ച മദ്രാസ് ഐ.ഐ.ടി.യുടെ റിപ്പോർട്ട് വരുന്നതിന് മുൻപ് കെട്ടിടത്തിന്റെ നടത്തിപ്പ് ചുമതല ഒരു സ്വകാര്യ സ്ഥാപനത്തെ ഏല്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | ഏല്പിച്ചിരുന്നു. ഇ-ടെൻഡറിൽ ഏറ്റവും ഉയർന്ന വാടക രേഖപ്പെടുത്തിയ അലിഫ് ബിൽഡേഴ്സിന് 19/02/2021 തീയതിയിലുള്ള GO.(Ms)No. 8/2021/TRANS എന്ന സർക്കാർ ഉത്തരവ് പ്രകാരം 30 വർഷത്തേക്ക് വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 26/08/2021-ൽ കെ.റ്റി.ഡി.എഫ്.സി, കെ.എസ്.ആർ.ടി. സി, അലിഫ് ബിൽഡേഴ്സ് എന്നിവർ ചേർന്ന് ത്രികക്ഷി കരാർ ഒപ്പ് വെച്ച് കോഴിക്കോട് സബ് റെജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |
| (ബി) | മദ്രാസ് ഐ.ഐ.ടി. റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻപ് തന്നെ കെട്ടിടം ഒരു സ്വകാര്യസ്ഥാപനത്തെ ഏല്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | ഐ.ഐ.ടി, മദ്രാസ് പഠന റിപ്പോർട്ട് കെട്ടിടത്തിന്റെ നിലവിലെ ലീസിന്റെ ടെൻഡർ നടപടികളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട ഒരു സംഗതി അല്ല. |
| (സി) | പ്രസ്തുത സമുച്ചയം സ്വകാര്യസ്ഥാപനത്തെ ഏൽപ്പിച്ചപ്പോൾ ഉണ്ടാക്കിയ കരാറിലെ പ്രധാന വ്യവസ്ഥകൾ വിശദമാക്കാമോ; | (സി) | 17 കോടി രൂപ തിരിച്ച് നൽകേണ്ടാത്ത നിക്ഷേപവും, ആദ്യ 18 മാസം വാടകരഹിത കാലാവധിയും അതിനുശേഷം മാസം 43.20 ലക്ഷം രൂപ മാസവാടകയും എല്ലാ മൂന്ന് വർഷത്തിൽ ഒരിക്കൽ വാടകയുടെ 10% വർദ്ധനവും, 30 വർഷ വാടകക്കാലാവധിക്ക് ശേഷം കെട്ടിടം തിരികെ കെ.റ്റി.ഡി.എഫ്.സിക്ക് നൽകുക എന്നിവയാണ് പ്രധാന കരാർ വ്യവസ്ഥകൾ. |
| (ഡി) | കോഴിക്കോട് നഗരത്തിലെ സാധാരണ കെട്ടിടത്തിന് ചതുരശ്ര അടിക്ക് 175 രൂപ വരെ വാടക ഈടാക്കുമ്പോൾ പ്രസ്തുത സമുച്ചയത്തിൽ 13 രൂപയായി തീരുമാനിച്ചത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | കോഴിക്കോട് കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് ഒറ്റ യൂണിറ്റായി വാടകയ്ക്ക് നൽകുന്നതിനു വേണ്ടി 4 E-ടെൻഡറുകൾ ക്ഷണിക്കുകയും, അതിൽ 3 ടെൻഡറുകളിൽ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തിയ അലിഫ് ബിൽഡേഴ്സ്ന് വാടകയ്ക്ക് നൽകുകയുമാണ് ഉണ്ടായത്. അലിഫ് ബിൽഡേഴ്സ് ക്വാട്ട് ചെയ്ത തുക |

| | | | |
|---|---|---|---|
| | | | കണക്കാക്കിയാൽ വാടകയ്ക്ക് നൽകാവുന്ന കെട്ടിടത്തിലെ സ്ഥലത്തിന് ചതുരശ്ര അടിക്ക് 30/- രൂപ നിരക്കാണ്. തുലനം ചെയ്യാവുന്ന കോഴിക്കോട് ഐ.ടി പാർക്കിൽ ശരാശരി വാടക ചതുരശ്ര അടിക്ക് 35/- രൂപയാണ് . |

സെക്ഷൻ ഓഫീസർ